വഞ്ചിതരാകാതെ സൂക്ഷിക്കുക
വായനാ ഭാഗം ഉല്പത്തി 29.13.28
നീ എന്തിന് എന്നെ ചതിച്ചു

സൗദി അറേബ്യൻ ഗവൺമെന്റെ നിരപരാധിയായ ഷാജഹാൻ എന്ന യുവാവിനെ ഏതാനം മാസങ്ങൾക്കുമുമ്പേ തല വെട്ടിക്കൊന്നു. വയനാട്ടുകാരനായ ഈ ഓട്ടോ ഡ്രൈവറുടെ മരണശേഷമാണ് അയാൾ നിരപരാധിയായിരുന്നുവെന്ന് അവർ ക ത്തിയത്. ഷാജഹാന്റെ ഓട്ടോ സ്ഥിരമായി ഉപയോഗിച്ചിരുന്ന കുട്ടി എന്ന മനുഷ്യനാണ് ഈയാളെ ചതിച്ചത്. ഷാജഹാന്റെ കുടുംബം പ്രാരാബ്ദങ്ങളെ മനസ്സിലാക്കിയ കുട്ടി ,സൗദിയിലേക്കുള്ള വിസ വാഗ്ദാനം ചെയ്ത് ചെന്നൈയിലേക്ക് ഈയാളെക്കൂട്ടിക്കൊ ുപോയി. അവടെ എത്തിയ ഷാജഹാനെ കുട്ടി ഒരു ബാവയുമായി പരിചയപ്പെടുത്തി. താമസിയാതെ സെയ്തലവി എന്ന പേരിൽ ഒരു വിസയും ക്രമീകരിച്ചുകൊടുത്തു. യാത്രയ്ക്കുവേ സാധനങ്ങൾ ,വസ്ത്രമുൾപ്പെടെ ഒരു ബാഗിലാക്കി അവർ ഷാജഹാനെന്ന സെയ്തലവിയെ സൗദിയിലേക്കുകയറ്റി അയച്ചു.
ദമാമിലെ വിമാനത്തവളത്തിലിറങ്ങിയ ഷാജഹാൻ കസ്റ്റംസ് പരിശോധനയിൽ പിടിക്കപെട്ടു. താൻ ചതിക്കപ്പെടുകയായിരുന്നു എന്ന് ഷാജഹാൻ മനസ്സിലാക്കിയില്ല. ബൗൺഷുഗർ ബാഗിലെ രഹസ്യ അറയിൽ ക ത്തിയ ഉദ്ധോഗസ്ഥൻ അയളെ ജയിലിൽ അടച്ചു. ശിക്ഷശരിവച്ചു കോടതി വധശിക്ഷയ്ക്കുവിധിച്ചു. വിധി കേട്ട ഷാജഹാനും നിരാലംബരാകുന്ന കുടുംബാംഗങ്ങളും ആ സമയം ചോദിച്ചു. കാണും എന്തിന് അയാൾ ഈ ചതി ചെയ്തു.

പണത്തോടും വസ്തുക്കളോടും വ്യക്തികളോടും തോന്നുന്ന അമിതമായ ആകർഷണം മൂലമാണ് നാം പലപ്പോഴും ചതിയിലകപ്പെടുന്നത് തന്റെ അന്ധനായ പിതാവിനെയും സഹോതരനെയും ചതിച്ചശേഷമാണ് ലാബാന്റെ അടുക്കൽ യാക്കോബ് എത്തിയത്. ലാബന്റെ ര ാമത്തെ മകളെ ഇഷ്ടപ്പെട്ട യാക്കോബ് നിയമപ്രകാരം ഏഴു വർഷം അയാളെ സേവിച്ച ശേഷം മകളെ ചോദിച്ചു. എന്നാൽ ിളയ മകൾക്ക് പകരം മൂത്തവളെ കൊടുത്ത് ലാബാൻ യാക്കോബിനെ ചതിച്ചു എന്ന് പിറ്റെ ദിവസം രാവിലെ മാത്ര മാണ് യാക്കോബ് മനസ്സിലാക്കിയത്. എന്തിനുവേ ി ആയാലും ചതിവ് അനുഭവിക്കേ ിവരുന്നവന്റെ വേദന അവനും മനസ്സിലാക്കി. ലാബാൻ എന്ന വിഷസർപ്പത്തിന്റെ ചതിവിൽ യാക്കോബ് വീ ണു.
ചതിയിൽ അകപ്പെടുന്നത് കടുത്ത വേദന ഉളവാക്കുന്ന കാര്യമാണ് ചതിയിൽ അകപ്പെടുന്നതിനും ചിലകാരണങ്ങളു ്. ലോകമോഹവും ,ജഡമോഹവും ചതിയിലേക്ക് വഴിനടത്തും. കാര്യങ്ങളുടെ നൻമതിൻമകളെപ്പറ്റി മനസ്സിലാക്കുവാൻ മോഹങ്ങൾ അനുവദിക്കുകയില്ല. ചതിക്കുന്നവന് പറ്റഉന്ന ചതി ചതിക്കുന്നവനെ ചിന്തിപ്പിക്കും. പ്രിയരേ കളങ്കമില്ലാത്ത മനസ്സ് ദൈവത്തിൽ നിന്ന് പ്രാപിപ്പാനായി പ്രാർഥ്ഥിക്കാം.ചതിയുടെ മനോഭാവത്തിൽ നിന്ന് നാം പൂർണ്ണമായി

മാറുക.നേരായ മാർഗ്ഗമേ നിങ്ങളെ നേരായ പാതയിലേക്ക് നടത്തുകയുള്ളുവെന്നറിയുക.



*Sis. Shanthamma Varghese*

ശാന്തമ്മ വറുഗീസ്